തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് കം-കറക്ടീവ് ഓഡിറ്റ് സമ്പ്രദായം

3(*95) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
ശ്രീ. .കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ്-കം-കറക്ടീവ് ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതുവർഷം മുതലുള്ള കണക്കുകളാണ് ഓഡിറ്റിന് വിധേയമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഓഡിറ്റ് ഏർപ്പെടുത്തിയതിന്റെ ഫലമായി എത്ര ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നും അത് എത്ര തുകയ്ക്കുള്ളതാണെന്നും ക്രമക്കേടുകൾ നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി എത്ര ഓഡിറ്റ് ടീമുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ഉണ്ട്.

(ബി) 1997-98 സാമ്പത്തിക വർഷം മുതലുള്ള കണക്കുകളാണ് ആഡിറ്റിനു വിധേയമാക്കുന്നത്.

(സി) സംസ്ഥാനത്തു നിലവിലുള്ള 1214 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ആഡിറ്റ് നടത്തുന്നതിന് ജില്ലാതല മേഖലാ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത് ഒരു കറക്ടീവ് ആഡിറ്റ് സമ്പ്രദായമാണ്. വ്യത്യസ്ത യൂണിറ്റുകളായി വ്യത്യസ്തതലങ്ങളിൽ പ്രവർത്തിച്ചുവരുന്ന 149 ആഡിറ്റ് ടീമുകൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സർക്കാരിനു ലഭ്യമാക്കുന്ന മുറയ്ക്ക് അത് റെക്ടിഫൈ ചെയ്ത് നടപടികളെടുക്കുന്നതിനും പെർഫോമൻസ് ആഡിറ്റ് സംവിധാനം സ്ട്രീം ലൈൻ ചെയ്യുന്നതിനുമായി സംസ്ഥാന പെർഫോമൻസ് ആഡിറ്റ് അതോറിറ്റിയുടെ കീഴിൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ സൂക്ഷ്മമായി വിശകലനം ചെയ്ത് അവയിലെ ക്രമക്കേടുകളുടെ സ്വഭാവം, ക്രമക്കേടുകളുടെ ഫലമായി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് വിശദമായ

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾ തിട്ടപ്പെടുത്തി, വരുന്നതേയുള്ളു. പ്രസ്തുത നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്. ഇതുവരെ നടത്തിയ പെർഫോമൻസ് ആഡിറ്റ് സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രാരംഭനടപടികൾ സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

(ഡി) പെർഫോമൻസ് ആഡിറ്റിനായി സംസ്ഥാനത്തിലെ 149 ആഡിറ്റ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u>: 149 ആഡിറ്റ് വിഭാഗങ്ങൾ എന്നാണ് രൂപീകരിച്ചത്. 1997-98 സാമ്പത്തിക വർഷം മുതലുള്ള കണക്കുകളാണ് ആഡിറ്റിന് വിധേയമാക്കുന്നതെന്ന് പറഞ്ഞു. എന്നു മുതലാണ് ആഡിറ്റ് വിഭാഗം പ്രവർത്തിച്ചു തുടങ്ങിയതെന്നുപറയാമോ ?

<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>: 1998-ലാണ് ആഡിറ്റ് വിഭാഗം രൂപീകരിച്ചത്. 1998 നവംബർ മാസത്തിലാണ് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ് മനസ്സിലാക്കുന്നത്.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u>: ഈ ആഡിറ്റ് വിഭാഗം സമർപ്പിക്കുന്ന കണക്കുകളും മറ്റു വിവരങ്ങളും സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു എന്നുപറഞ്ഞു. എന്നേയ്ക്കാണ് ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കഴിയുന്നതെന്ന് ഗവൺമെന്റിനു പറയാൻ കഴിയുമോ; 1997-98 സാമ്പത്തിക വർഷത്തെ കണക്കുകളെങ്കിലും ഇതിനകം പ്രസിദ്ധീകരിക്കാൻ കഴിയേണ്ടതായിരുന്നു. കാരണം ക്രമക്കേടുകളുടെ സ്വഭാവം ക്രമക്കേടുകളുടെ ഫലമായി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം മുതലായവ തിട്ടപ്പെടുത്തുന്നതിനുവേണ്ടിയാണ് ആഡിറ്റ് വിഭാഗത്തെ നിയോഗിച്ചിട്ടുള്ളത്. എന്നാൽ 1997-98-ലെ കണക്കുകൾ പോലും ആഡിറ്റിനു വിധേയമാക്കി അതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കഴിയാതിരുന്ന സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ ?

<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>: 1997-98 സാമ്പത്തികവർഷത്തെ കണക്കുകൾ പ്രസിദ്ധീകരിക്കാൻ കാലതാമസം വന്നു എന്നുള്ളതു മനസ്സിലാക്കാൻ കഴിയും. പുതിയൊരു സംവിധാനമാണിത്. ഈ സംവിധാനത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം അത് പരിശോധിച്ചു വരുന്നുണ്ട്. താമസം കൂടാതെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. രാജു</u>: നമ്മുടെ സംസ്ഥാനത്ത് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പെർഫോമൻസ് ആഡിറ്റിനു ആവശ്യമായ സഹകരണം നൽകുന്നില്ലെന്ന് പരാതി ഉയർന്നുവരുന്നുണ്ട്. കൃത്യമായ കണക്കുകൾ ആഡിറ്റിംഗ് കമ്മറ്റിയുടെ മുമ്പിൽ ഹാജരാക്കുന്നതിനോ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനോ നടപടി സ്വീകരിക്കാത്തതിന്റെ ഫലമായി ആഡിറ്റിംഗ് കൃത്യമായി നടത്താൻ കഴിയാത്ത സാഹചര്യം ചില തദ്ദേശ സ്വയംഭരണ.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ നിലനിൽക്കുന്നു. ഇങ്ങനെയുള്ള സ്ഥാപനങ്ങളിലെ തടസ്സം ഒഴിവാക്കാനും പെർഫോമൻസ് ആഡിറ്റിംഗിനു വിധേയമാകാൻ വിസമ്മതിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഇത്തരമൊരു പരാതി ഗവൺമെന്റിന്റെ മുമ്പിൽ വന്നിട്ടില്ല. അങ്ങനെ വല്ല പരാതിയുമുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനാവശ്യമായ നടപടിയെടുക്കുന്നതാണ്.

ശ്രീ. പി. രാജു : പെർഫോമൻസ് ആഡിറ്റ് ഒരു സാമ്പത്തികവർഷം കഴിഞ്ഞ് അടുത്ത സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കാനുള്ള എന്തെങ്കിലും സംവിധാനം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഇപ്പോഴുണ്ടാക്കിയിട്ടുള്ള ഈ സംവിധാനത്തോടുകൂടി ഓരോ വർഷവുമുള്ള ആഡിറ്റ് അതാതു വർഷംതന്നെ കംപ്ലീറ്റു ചെയ്യാൻ സാധിക്കുമെന്നാണ് കാണുന്നത്.

ശ്രീ. ജോസ് ബേബി : പെർഫോമൻസ് ആഡിറ്റിനു പുറമേ ഒരു കമ്മീഷനെ നിയമിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ആഡിറ്റിംഗ് സമ്പ്രദായം സമഗ്രവും കുറ്റമറ്റതുമാക്കാനുള്ള നടപടി സ്വീകരിക്കുമെന്നു കേൾക്കുന്നുണ്ട്. അതേക്കുറിച്ച് സർക്കാർ വല്ലതും ആലോചിച്ചിട്ടുണ്ടോ ; നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : നിലവിലുള്ള ആഡിറ്റിംഗ് സമ്പ്രദായം ഫലപ്രദമാക്കാൻ വേണ്ടിയാണ് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറെ നിയമിച്ചിട്ടുള്ളത്. അതോടുകൂടി അതു കൃത്യമായി പരിശോധിക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനും കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : 1214 തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ 149 ആഡിറ്റിംഗ് ടീമിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നു പറഞ്ഞു. ഇനിയും ആഡിറ്റിംഗ് പൂർത്തിയാക്കാൻ കുറച്ചു സമയമെടുക്കുമെന്നാണ് മനസ്സിലാക്കുന്നത്. സെപ്റ്റംബർ അവസാനത്തോടുകൂടി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഭരണ കാലാവധി അവസാനിക്കുന്നതുകൊണ്ട് കുറച്ചു സമയത്തെങ്കിലും പൂർണ്ണമായ ആഡിറ്റിംഗ് നടത്തി അതിന്റെ റിപ്പോർട്ട് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : കുറെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് ഞാൻ നേരത്തെ പറഞ്ഞത്.

ശ്രീമതി ആർ. ലതാദേവി : തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ സമർപ്പിച്ച അക്കൗണ്ടുകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം കണക്കുകൾ തിരിച്ചയയ്ക്കുകയാണ്. അതു തിരുത്തി വീണ്ടും അയയ്ക്കുന്നതിന് കാലതാമസമുണ്ടാകുന്നുവെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൊടുക്കുന്ന കണക്കുകളെ സംബന്ധിച്ചിടത്തോളം അവരുടെ ഭാഗത്തുനിന്നും വിശദീകരണം ആവശ്യമായി വരികയാണെങ്കിൽ തിരിച്ചയയ്ക്കും. അതു കാല താമസം കൂടാതെ വേഗത്തിൽ അവരുടെ പരിശോധന കഴിഞ്ഞ് ഗവൺമെന്റിലേയ്ക്കു കൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ കൊടുക്കാതിരിക്കുന്നതു ശരിയല്ല. അവർക്കു പറയാനുള്ള അവസരം കൊടുക്കണം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്ലസ് ടു കോഴ്സ് അനുവദിച്ചതിൽ എൻ.എസ്.എസിന്റെ പരാതി

4(*91) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. പാലോട് രവി :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് അനുവദിച്ചതിൽ ഉണ്ടായിട്ടുള്ള കുറവ് പരിഹരിക്കണമെന്ന് എൻ.എസ്.എസ്. ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആവശ്യത്തിന്മേൽ എന്ത് നടപടി എടുത്തു ;

(സി) എൻ.എസ്.എസിന്റെ ആവശ്യം അംഗീകരിക്കാത്ത പക്ഷം അവർക്കനുവദിച്ചിട്ടുള്ള പ്ലസ് ടു കോഴ്സുകൾ തിരസ്ക്കരിക്കുമെന്ന് എൻ.എസ്.എസ്. ഡയറക്ടർ ബോർഡിന്റെ പ്രമേയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹൈസ്ക്കൂൾ ഇല്ലാത്ത സ്ഥലത്ത് പുതിയ സ്കൂളുകൾ അനുവദിച്ച് അവിടെ പ്ലസ് ടു കോഴ്സ് അനുവദിച്ച നടപടി ഈ വർഷം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എൻ.എസ്.എസിനും അപ്രകാരം പുതിയ സ്കൂൾ അനുവദിച്ച് അവിടെ പ്ലസ് ടു കോഴ്സ് നൽകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ;

(എഫ്) സ്കൂൾ ഇല്ലാതെ പ്ലസ് ടു അനുവദിക്കുന്നതിനുള്ള ന്യൂനത എന്തെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly